"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മിഷൻ വാത്സല്യ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബാലസുരക്ഷാ സമിതികൾ രൂപീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2562/2025/LSGD തീയതി,തിരുവനന്തപുരം, 23-10-2025

---

പരാമർശം:-
1. സ.ഉ.(എം.എസ്) നം.68/12/സാനീവ; തീയതി 09.11.2012
2. സ.ഉ.(സാധാ)നം.444/2017/സാനീവ; തീയതി 03.07.2017
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.06.2024ലെ LSGD/PD/14795/2024-EMP4 നമ്പർ കത്ത്
4. സ.ഉ.(കൈ) നം.7/2025/WCDD; തീയതി 22.02.2025

**ഉത്തരവ്**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഭവ പങ്കാളിത്തതോടെ 2009-10 മുതൽ നടപ്പാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പരിപാടിയാണ് Integrated Child Protection Scheme (ICPS). ഈ പരിപാടിയുടെ ഭാഗമായുള്ള ബാലസംരക്ഷണ സമിതികൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പരാമർശം 1 ഉത്തരവ് പ്രകാരവും, നഗരഭരണ സ്ഥാപനതലത്തിൽ പരാമർശം 2 ഉത്തരവ് പ്രകാരവും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

2. സർക്കാർ നടപ്പാക്കിവരുന്ന വിവിധ ശിശു സംരക്ഷണ പദ്ധതികളും സംവിധാനങ്ങളും ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വനിത ശിശു വികസന വകുപ്പ് പുനരാവിഷ്കരിച്ച പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷൻ വാത്സല്യ). ബാലനീതി നിയമം 2015 -ന്റെയും അനുബന്ധ നിയമങ്ങളുടെയും പഞ്ചായത്തുതലം വരെയുള്ള നടത്തിപ്പാണ് പദ്ധതി ലക്ഷ്യമാക്കുന്നത്. മിഷൻ വാത്സല്യ നടപ്പാക്കുന്നതിനായി സംസ്ഥാനതലത്തിൽ സംസ്ഥാന ശിശുസംരക്ഷണ സൊസൈറ്റിയും ജില്ലാതലത്തിൽ ജില്ലാ ശിശു സംരക്ഷണ സൊസൈറ്റിയും രൂപീകരിച്ചിട്ടുണ്ട്.

3. 18 വയസ്സു വരെയുള്ള കുട്ടികൾക്കായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, അതിജീവിതരായും സാക്ഷികളായും എത്തുന്ന കുട്ടികൾ, ഏതെങ്കിലും തരത്തിൽ അക്രമത്തിനിരയാകുന്ന കുട്ടികൾ, ഭിന്നശേഷിയുള്ള കുട്ടികൾ, തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ, മാതാപിതാക്കൾക്ക് ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ, തീർത്തും അനാഥരായ കുട്ടികൾ, ബാലവിവാഹത്തിന് വിധേയമാകുന്ന കുട്ടികൾ, ലഹരിക്ക് അടിമപ്പെടുന്ന കുട്ടികൾ തുടങ്ങി,

പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും തുടർന്ന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ രീതി.

4. കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാനുള്ള പ്രാഥമിക ഉത്തരവാദിത്തം മാതാപിതാക്കളിൽ നിക്ഷിപ്തമാണെങ്കിലും അത് നടപ്പാക്കുന്നതിൽ സർക്കാരിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സമൂഹത്തിന്റെയും പങ്ക് നിർണ്ണായകമാണ്. ഈ സാഹചര്യത്തിലാണ് മിഷൻ വാത്സല്യയുടെ രൂപരേഖയിൽ കുട്ടികളുടെ അവകാശങ്ങൾ താഴേതലം മുതൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനങ്ങൾ അതിനാവശ്യമായ സാമൂഹ്യാധിഷ്ഠിത സുരക്ഷാസമിതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യണമെന്ന് നിർദേശിച്ചിട്ടുള്ളത്. വിവിധ തലങ്ങളിൽ നിലവിലുള്ള ഭരണസംവിധാനങ്ങളിലൂടെ ബാലസംരക്ഷണം ഉറപ്പാക്കുന്നതിനു ശക്തമായ ഇടപെടലുകൾ ആണ് ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം രൂപീകരിച്ച മിഷൻ വാത്സല്യ വിഭാവനം ചെയ്യുന്നത്.

5. Integrated Child Protection Scheme പ്രകാരമുള്ള Child Protection Committee -കളെ Child Welfare and Protection Committee -കൾ എന്ന പേരിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മിഷൻ വാത്സല്യയുടെ മാർഗരേഖയിൽ ഉൾപ്പെടുന്നുണ്ട്. 'മിഷൻ വാത്സല്യ'യുടെ മാർഗരേഖയുടെ ഖണ്ഡിക 2.12 ൽ പ്രതിപാദിച്ചിട്ടുള്ള Child Welfare and Protection Committee യുടെ ചുമതലകൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിലും നഗരഭരണ സ്ഥാപനതലത്തിലും സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമം എന്ന വിഷയം കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഏൽപ്പിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്നും കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം പ്രസിദ്ധീകരിച്ച മിഷൻ വാത്സല്യ മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. നഗരഭരണ സ്ഥാപനങ്ങളിൽ വാർഡ് തലങ്ങളിലെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതിക്ക് Child Welfare and Protection Committee യുടെ ചുമതലകൾ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

6. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച വിഷയം നിലവിൽ കൈകാര്യം ചെയ്യുന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ജനപ്രതിനിധികൾ മാത്രമാണ് അംഗങ്ങൾ എന്നതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് മാത്രമായി Child Welfare and Protection Committee യുടെ ചുമതലകൾ നിർവ്വഹിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട Child Welfare and Protection Committee യുടെ ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പകരം അനുയോജ്യരായ അംഗങ്ങളെ ഉൾപ്പെടുത്തിയും മിഷൻ വാത്സല്യയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്ന ചുമതലകൾ കൂടി ഏൽപ്പിച്ചുകൊണ്ടും നിലവിലുള്ള Child Protection Committee കളുടെ സ്ഥാനത്ത് പുതിയ Child Welfare and Protection Committee കൾ രൂപീകരിച്ച് ഉത്തരവാകുന്നു. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലെ Child Welfare and Protection Committee-കളെ, അതത് തലങ്ങളിലെ 'ബാല സുരക്ഷാ സമിതികൾ' എന്ന് നാമകരണം ചെയ്തും ഉത്തരവാകുന്നു. നഗരഭരണ സ്ഥാപനങ്ങളിൽ വാർഡ്/ഡിവിഷൻ തലങ്ങളിലും ഇത്തരം സമിതികൾ വേണമെന്ന് 'മിഷൻ വാത്സല്യ' യുടെ മാർഗരേഖ അനുശാസിക്കുന്നതിനാൽ പരാമർശം 4 ഉത്തരവ് പ്രകാരം വാർഡ്/ഡിവിഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതികളെ വാർഡ്/ഡിവിഷൻ തല ബാല സുരക്ഷാ സമിതികളുടെ ചുമതലകൾ ഏൽപ്പിക്കുന്നു.

7. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ബാലസുരക്ഷയുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്, പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി നിലവിലെ ഘടനയിൽ മാറ്റങ്ങൾ വരുത്തിയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കിയും തദ്ദേശഭരണ സ്ഥാപന അധ്യക്ഷന്റെ നേതൃത്വത്തിൽ ബാലസുരക്ഷാസമിതികൾ ചുവടെ പ്രകാരം പുനഃസംഘടിപ്പിച്ചും ഉത്തരവാകുന്നു.

**1. ഗ്രാമപഞ്ചായത്ത് തല ബാലസുരക്ഷാ സമിതി**

| ക്രമ നം | അംഗങ്ങൾ | പദവി |
|---|---|---|
| 1. | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വൈസ് ചെയർപേഴ്സൺ |
| 3. | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ഒരു അംഗം | അംഗം |
| 4. | ഗ്രാമപഞ്ചായത്തിലെ 'ജെൻഡറും വികസനവും കുട്ടികളുടെ വികസനവും' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ | അംഗം |
| 5. | പഞ്ചായത്ത് സെക്രട്ടറി | അംഗം |
| 6. | കുടുംബശ്രീ CDS ചെയർപേഴ്സൺ | അംഗം |
| 7. | ജാഗ്രത സമിതി കൺവീനർ* | അംഗം |
| 8. | ICDS സൂപ്പർവൈസർ | മെമ്പർ സെക്രട്ടറി |
| 9. | ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന കുട്ടികളുടെ 2 പ്രതിനിധികൾ (ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും) | അംഗം |
| 10. | ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ ഒരു പ്രതിനിധി | അംഗം |
| 11. | സ്കൂൾ കൗൺസിലർ (DCPO നിർദ്ദേശിക്കുന്ന ആൾ) | അംഗം |
| 12. | അങ്കണവാടി ടീച്ചർ (ജില്ല വനിത ശിശു വികസന ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ആൾ) | അംഗം |
| 13. | ഡെപ്യൂട്ടി എഡ്യൂക്കേഷൻ ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ടീച്ചർമാർ (ഒരു സ്കൂളിൽ നിന്നും ഒരാൾ വിതം) | അംഗം |
| 14. | ജില്ല മാസ്സ് മീഡിയ ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | അംഗം |
| 15. | ചൈൽഡ് വെൽഫെയർ പോലിസ് ഓഫീസർ | അംഗം |
| 16. | 2 പൊതു സമ്മതരായ സാമൂഹ്യ പ്രവർത്തകർ (ഒരാൾ വനിത ആകണം) / 1 NGO പ്രതിനിധി | അംഗം |

**2. ബ്ലോക്ക് പഞ്ചായത്ത് തല ബാലസുരക്ഷാ സമിതി**

| ക്രമ നം | അംഗങ്ങൾ | പദവി |
|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വൈസ് ചെയർപേഴ്സൺ |
| 3. | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ഒരു അംഗം | അംഗം |
| | ബ്ലോക്ക് പഞ്ചായത്തിലെ 'ജെൻഡറും വികസനവും | |

| | | |
|---|---|---|
| 4. | കുട്ടികളുടെ വികസനവും' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ | അംഗം |
| 5. | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അംഗം |
| 6. | കുടുംബശ്രീ CDS ചെയർപേഴ്സൺമാർ | അംഗം |
| 7. | ജാഗ്രത സമിതി കൺവീനർ* | അംഗം |
| 8. | ശിശു വികസന പദ്ധതി ഓഫിസർ | മെമ്പർ സെക്രട്ടറി |
| 9. | കുട്ടികളുടെ പ്രതിനിധി (ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും) | അംഗം |
| 10. | ജില്ല ബാല സംരക്ഷണ സമിതിയുടെ പ്രതിനിധി | അംഗം |
| 11. | പഞ്ചായത്ത് ബാല സംരക്ഷണ സമിതികളുടെ ചെയർപേഴ്സൺമാർ | അംഗം |
| 12. | അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസർ | അംഗം |
| 13. | ചൈൽഡ് വെൽഫെയർ പോലിസ് ഓഫിസർ | അംഗം |
| 14. | പൊതു സമ്മതരായ സാമൂഹ്യ പ്രവർത്തകർ | അംഗം |

**<u>3. മുനിസിപ്പാലിറ്റി തല ബാലസുരക്ഷാ സമിതി</u>**

| ക്രമ നം | അംഗങ്ങൾ | പദവി |
|---|---|---|
| 1. | മുനിസിപ്പൽ ചെയർപേഴ്സൺ | ചെയർപേഴ്സൺ |
| 2. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (വെൽഫെയർ) | വൈസ് ചെയർപേഴ്സൺ |
| 3. | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ഒരു അംഗം | അംഗം |
| 4. | നഗരഭരണ സ്ഥാപനത്തിലെ 'ജെൻഡറും വികസനവും കുട്ടികളുടെ വികസനവും' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ | അംഗം |
| 5. | മുനിസിപ്പൽ സെക്രട്ടറി | അംഗം |
| 6. | കുടുംബശ്രീ CDS ചെയർപേഴ്സൺ | അംഗം |
| 7. | ജാഗ്രത സമിതി കൺവീനർ* | അംഗം |
| 8. | സ്കൂൾ അധ്യാപക പ്രതിനിധി (ഒരു സ്കൂളിൽ നിന്നും ഒരാൾ വിതം) | അംഗം |
| 9. | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫിസർ | മെമ്പർ സെക്രട്ടറി |
| 10. | കുട്ടികളുടെ പ്രതിനിധി (ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും) | അംഗം |
| 11. | മെഡിക്കൽ ഓഫീസർ | അംഗം |
| 12. | അസിസ്റ്റന്റ് ലേബർ ഓഫീസർ | അംഗം |
| 13. | ഡെപ്യൂട്ടി സുപ്രണ്ട് ഓഫ് പോലീസ് | അംഗം |
| 14. | ജില്ല പട്ടികജാതി വികസന ഓഫീസർ/പ്രതിനിധി | അംഗം |
| 15. | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ/പ്രതിനിധി | അംഗം |
| 16. | താലൂക്ക് ഡെവലപ്മെന്റ് ഓഫീസർ | അംഗം |

| | | |
|---|---|---|
| 17. | കുടുംബശ്രീ പ്രതിനിധി | അംഗം |
| 18. | ജില്ല ശിശു സംരക്ഷണ ഓഫീസർ/ പ്രതിനിധി | അംഗം |
| 19. | ചൈൽഡ് വെൽഫെയർ പോലിസ് ഓഫീസർ | അംഗം |
| 20. | സ്കൂൾ കൗൺസിലർമാരുടെ പ്രതിനിധി | അംഗം |
| 21. | പൊതു സമ്മതരായ സാമൂഹ്യ പ്രവർത്തകർ / NGO പ്രതിനിധി | അംഗം |

**3. മുനിസിപ്പൽ കോർപ്പറേഷൻ തല ബാലസുരക്ഷാ സമിതി**

| ക്രമ നം | അംഗങ്ങൾ | പദവി |
|---|---|---|
| 1. | മേയർ | ചെയർപേഴ്സൺ |
| 2. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (വെൽഫെയർ) | വൈസ് ചെയർപേഴ്സൺ |
| 3. | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ഒരു അംഗം | അംഗം |
| 4. | നഗരഭരണ സഥാപനത്തിലെ 'ജെൻഡറും വികസനവും കുട്ടികളുടെ വികസനവും' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ | അംഗം |
| 5. | കോർപ്പറേഷൻ സെക്രട്ടറി | അംഗം |
| 6. | ശിശു വികസന പദ്ധതി ഓഫിസർ (സി.ഡി.പി.ഒ) | മെമ്പർ സെക്രട്ടറി |
| 7. | ജില്ല സാമൂഹ്യനീതി ഓഫിസർ | അംഗം |
| 8. | ജാഗ്രത സമിതി കൺവീനർ* | അംഗം |
| 9. | കോർപ്പറേഷൻ മെഡിക്കൽ ഓഫിസർ | അംഗം |
| 10. | ഡെപ്യൂട്ടി ലേബർ ഓഫീസർ | അംഗം |
| 11. | ഡെപ്യൂട്ടി സുപ്രണ്ട് ഓഫ് പോലീസ് (District Crime Records Bureau) | അംഗം |
| 12. | ജില്ല പട്ടികജാതി വികസന ഓഫീസർ | അംഗം |
| 13. | ജില്ല പട്ടികവർഗ്ഗ വികസന ഓഫീസർ | അംഗം |
| 14. | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| 15. | SJPU പോലിസ് ഓഫിസർ | അംഗം |
| 16. | ചൈൽഡ് ലൈൻ കോർഡിനേറ്റർ | അംഗം |
| 17. | ജില്ല ശിശു സംരക്ഷണ ഓഫീസർ/ പ്രതിനിധി | അംഗം |
| 18. | കുടുംബശ്രി മിഷൻ ഓഫീസർ | അംഗം |
| 19. | സ്കൂൾ കൗൺസിലർമാരുടെ പ്രതിനിധി | അംഗം |
| 20. | പൊതു സമ്മതരായ സാമൂഹ്യ പ്രവർത്തകർ / NGO പ്രതിനിധി | അംഗം |

*ജാഗ്രതാ സമിതികളുടെ കൺവീനർമാരെ അവരുടെ പദവികൾ അനുസരിച്ച് ബാലസുരക്ഷാ സമിതികളിൽ മറ്റ് തരത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഗതികളിൽ ജാഗ്രതാ സമിതി കൺവീനറെ

ബാലസുരക്ഷാ സമിതികളിൽ അംഗമായി ഉൾപ്പെടുത്തിയ നിർദേശം ഒഴിവാകുന്നതാണ്. (ഉദാ. ICDS സൂപ്പർവൈസർ ആണ് ഗ്രാമ പഞ്ചായത്ത് തലത്തിലെ ജാഗ്രതാ സമിതിയുടെ കൺവീനർ. ICDS സൂപ്പർവൈസർ തന്നെയാണ് ഗ്രാമ പഞ്ചായത്ത് തല ബാല സുരക്ഷാ സമിതിയുടെ മെമ്പർ സെക്രട്ടറിയും)

**വിവിധ തലങ്ങളിലുള്ള ബാലസുരക്ഷാ സമിതികളിലെ അംഗങ്ങളെ നിശ്ചയിക്കേണ്ട അധികാര സ്ഥാനം (ഉദാ: പൊതുസമ്മതരായ സാമൂഹ്യ പ്രവർത്തകരെ നിശ്ചയിക്കൽ) സംബന്ധിച്ച് വനിതാ ശിശു വികസന വകുപ്പിൽ നിന്നും വ്യക്തത വരുത്തുന്നതാണ്.

8. ടി കമ്മിറ്റികൾക്ക് എല്ലാ തലങ്ങളിലുമുള്ള വിവിധ സേവന സംവിധാനങ്ങളുടെ പിന്തുണ സ്വീകരിക്കാവുന്നതാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ (DCPO), ജില്ലാ വനിത ശിശുവികസന ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിവർ പ്രസ്തുത കമ്മിറ്റികൾ ശാക്തീകരിക്കുന്നതിനു വേണ്ട എല്ലാ സഹായവും നൽകേണ്ടതാണ്.

**9. ബാല സുരക്ഷാ സമിതികളുടെ പ്രധാന പ്രവർത്തനങ്ങൾ:**

- ഗ്രാമ/ബ്ലോക്ക് മുനിസിപ്പൽ വാർഡ് പ്രദേശങ്ങളിൽ സുരക്ഷിതമായ പൊതു ഇടങ്ങളും ബാല സൗഹൃദ അന്തരീക്ഷവും ഉറപ്പാക്കുക.
- സ്ത്രീകളുടെയും കുട്ടികളുടെയും വികസനവും ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും നിർവഹിക്കുന്നതിനായി അത്തരം നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക.
- ബാല സംരക്ഷണ പദ്ധതികളുടെയും കുട്ടികളുടെ പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിന്റെ പരിശോധനയും വിലയിരുത്തലും.
- ബുദ്ധിമുട്ടുള്ള, പ്രത്യേക ആവശ്യങ്ങളുള്ള, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള എല്ലാ കുട്ടികളുടെയും (ഉദാഹരണത്തിന് അനാഥർ, തെരുവ് കുട്ടികൾ, ഭിന്നശേഷിക്കാർ, വൾനറബിൾ കുടുംബങ്ങളിലെ കുട്ടികൾ മുതലായവ) സർവേ ഉറപ്പാക്കുകയും ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.
- വൾനറബിൾ ആയ കുട്ടികൾ, കാണാതാകുന്ന കുട്ടികൾ, സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികൾ, കടത്തപ്പെട്ട കുട്ടികൾ, കുടിയേറ്റക്കാരുടെ കുട്ടികൾ, ഭിക്ഷാടകർ, അനാഥർ മുതലായ കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- കുട്ടികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക കാമ്പെയ്നുകളും ബോധവൽക്കരണ ഡ്രൈവുകളും നടത്തുകയും കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുക.
- ജുവനൈൽ ജസ്റ്റിസ് ആക്ട്/ റൂൾസ് പ്രകാരം DCPU-കൾ, CWCകൾ, JJB-കൾ, SJPUകൾ എന്നിവയ്ക്ക് അവരുടെ ചുമതല നിർവഹിക്കുന്നതിൽ പിന്തുണ ഉറപ്പാക്കുക.
- ജുവനൈൽ ജസ്റ്റിസ് ആൻഡ് ചൈൽഡ് പ്രൊട്ടക്ഷൻ മേഖലയിൽ സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുക.
- കരിയർ കൗൺസിലിംഗ്, നൈപുണ്യ പരിശീലന എൻറോൾമെന്റ്, അപ്രന്റിസ്ഷിപ്പ് എൻറോൾമെന്റ്, സ്പോർട്സ് ക്ലബ്ബുകൾ/ക്യാമ്പുകൾ തുടങ്ങി കുട്ടികളുടെ പുനരധിവാസവും

സാമൂഹിക പുനർ സമന്വയവും പ്രോത്സാഹിപ്പിക്കുന്ന വിവിധ വകുപ്പുകളെ /ഏജൻസികളെ ഉൾപ്പെടുത്തിയുള്ള ഏകോപന പ്രവർത്തനങ്ങൾ നടത്തുക.

- അപകട സാധ്യതയുള്ള ഹോട്ട്സ്പോട്ടുകളെ കുറിച്ച് ഡിസിപിയു വഴി ജില്ലാ മജിസ്ട്രേറ്റിന് റിപ്പോർട്ട് ചെയ്യുക; അതിനെ നേരിടാനുള്ള തന്ത്രങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ബാലപഞ്ചായത്തുകൾ സംഘടിപ്പിക്കുകയും പഞ്ചായത്തുകളിൽ /വാർഡുകളിൽ കുട്ടികളുടെ അംബാസഡർമാരെ നിയമിക്കുകയും ചെയ്യുക.
- വിവിധ വിഷയങ്ങളിൽ കുട്ടികളിൽ നിന്ന് ആവശ്യമായ നിർദേശങ്ങൾ സ്വീകരിക്കുകയും ഉചിതമായ നടപടിക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മുമ്പാകെ വയ്ക്കുകയും ചെയ്യുക.
- കുട്ടികൾക്കെതിരായ മാനസിക/ശാരീരിക/ലൈംഗിക അക്രമങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിക്കുക/നിയമപരമായ ശിക്ഷാ നടപടികളെ പറ്റി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

**10. ബാല സംരക്ഷണ സമിതിക്കുള്ള സാമ്പത്തിക സഹായം**

- തദ്ദേശഭരണ സ്ഥാപനങ്ങൾ ബാലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും വിവിധ വകുപ്പുകളും കുടുംബശ്രീ ഉൾപ്പടെയുള്ള വിവിധ ഏജൻസികളുമായി ചേർന്ന് ഒരു സമന്വയം ഉറപ്പാക്കുകയും വേണം.
- സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനും ക്ഷേമത്തിനുമായി പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ നിർബന്ധമായും നീക്കിവെയ്ക്കേണ്ടതിൽ കുറയാതെയുള്ള തുക ഈ വിഭാഗങ്ങൾക്കായി ലഭ്യമാക്കണം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായ untied ഗ്രാന്റിൽ നിന്ന് തുക ലഭ്യമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.
- ബാല സുരക്ഷാ സമിതികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
10. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
11. ഡയറക്ടർ, ആരോഗ്യ വകുപ്പ്

12. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
13. സംസ്ഥാന പോലീസ് മേധാവി
14. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
15. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
16. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
17. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
18. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
19. എല്ലാ ജില്ലാ കളക്ടർമാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
22. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
23. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
24. ഡയറക്ടർ ജനറൽ, കില
25. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
26. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
28. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
29. വനിതാ ശിശു വികസന വകുപ്പ് (WCD-C1/45/2023-WCD)
30. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nisam N
സെക്ഷൻ ഓഫീസർ
Date: 24-10-2025 16:45:45

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്